കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

## ഏപ്രിൽ 2019



## പ്രൈസസ് വിഭാഗം

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

തിരുവനന്തപുരം

2019

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ അന്യ സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

17-05-2019 — ഡയറക്ടർ ജനറൽ

## ആമുഖം

ഏപ്രിൽ മധ്യത്തോടെ കേരളത്തിൽ ഇടക്കിടെ ലഭിച്ച വേനൽ മഴ, മാർച്ച് ഏപ്രിൽ മാസങ്ങളിൽ അനുഭവപ്പെട്ട അതിരൂക്ഷമായ വരൾച്ചയിൽ നിന്നും അല്പം ശമനമുണ്ടാക്കിയിട്ടുണ്ട്. ഇതോടെ വേനൽ ചൂടിന്റെ കാഠിന്യം അല്പം കുറഞ്ഞിട്ടുണ്ട്. കാലാവസ്ഥ വിഭാഗത്തിന്റെ റിപ്പോർട്ട് അനുസരിച്ചു മാർച്ച് 1 മുതൽ മെയ് 1 വരെയുള്ള കാലയളവിൽ കേരളത്തിൽ മഴയുടെ അളവിൽ 23 ശതമാനം കുറവ് രേഖപ്പെടുത്തി. പതനംതിട്ട, വയനാട്, തൃശൂർ എന്നിവ ഒഴികെയുള്ള ജില്ലകളിൽ മഴയുടെ അളവിൽ കാര്യമായ കുറവ് രേഖപ്പെടുത്തി. വയനാട് 63 ശതമാനവും ,പത്തനംതിട്ടയിൽ 31 ശതമാനവും അധിക മഴ ലഭിച്ചപ്പോൾ തൃശൂരിൽ സാധാരണതോതിലുള്ള മഴ ലഭിച്ചു. എന്നാൽ മറ്റ് കാർഷിക സംസ്ഥാനങ്ങളിൽ രൂക്ഷമായ വരൾച്ച അനുഭവപ്പെടുകയാണെന്നാണ് റിപ്പോർട്ട് .ആന്ധ്രപ്രദേശ് തെലുങ്കാന, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ വരൾച്ച അതിരൂക്ഷമാണെന്നാണ് അവിടങ്ങളിൽ നിന്നുമുള്ള റിപ്പോർട്ട് .ഇതിനകം കാർഷിക വിസ്തൃതിയിൽ കുറവ് രേഖപ്പെടുത്തിയ റാബി സീസണിലെ കാർഷിക വിളകളുടെ ഉത്പാദനത്തെ ഇത് കാര്യമായി ബാധിക്കാൻ ഇടയുണ്ട്.

കാലാവസ്ഥ വിഭാഗം പുറത്തിറക്കിയ ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം ജൂൺ മുതൽ സപ്തംബർ വരെയുള്ള തെക്കു പടിഞ്ഞാറൻ മൺസൂൺ കാലത്തു ഏതാണ്ട് 96 ശതമാനം മഴ ലഭിക്കാൻ സാധ്യതയുണ്ടെന്നാണു റിപ്പോർട്ട് ചെയ്യുന്നത്. നിലവിൽ എൽനിനോ പ്രതിഭാസത്തിനുള്ള സാധ്യത കുറവാണെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു. പ്രതീക്ഷിത രീതിയിലുള്ള മഴ ലഭിക്കുകയാണെങ്കിൽ അത് ഖാരിഫ് സീസണിലെ കൃഷിക്ക് അനുകൂല ഘടകമാണ് റാബി സീസണിലെ ഉല്പാദന കുറവിനെ ഇത് മറികടക്കുന്നതിനും 2019-20 മാർക്കറ്റിംഗ് സീസണിലെ വിപണി വിലയെ പിടിച്ചു നിർത്തുന്നതിനും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തിൽ ഇക്കുറി റെക്കോർഡ് നെല്ല് സംഭരണമാണ് നടന്നത് ഇതുവരെയുള്ള റിപ്പോർട്ടുകൾ പ്രകാരം 5.90 ലക്ഷം ടൺ നെല്ല് സംഭരിച്ചിട്ടുണ്ട് ഒരു ലക്ഷം ടൺ കൂടി സംഭരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്

എഫ് സി ഐ യുടെ 30/04/2019 തീയ്യതിയിലെ കണക്ക് പ്രകാരം ഇന്ത്യയിൽ മൊത്തം 584.99 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട് ഇതുകൂടാതെ സെൻട്രൽ പൂളിൽ 293 .34 ലക്ഷം മെട്രിക് ടൺ അരി നീക്കിയിരിപ്പുണ്ട്.

പൊതുവെ അവലോകനമാസമായ ഏപ്രിലിൽ പൊതു വിപണി വില പരിശോധിക്കുമ്പോൾ സമ്മിശ്രമായ ഒരു പ്രവണതയാണ് ശ്രദ്ധയിൽപെട്ടത്. അരിയുടെ വിലയിൽ അവലോകന മാസത്തിൽ ചെറിയൊരു വർദ്ധനവിൻറെ പ്രവണത കണ്ടെങ്കിലും ഈ വർദ്ധനവ് തുടരാൻ ഇടയില്ല.

ഉള്ളിയുടെ വിലയിൽ വർദ്ധനവിനുള്ള ഒരു പ്രവണതയാണ് ശ്രദ്ധയിൽപെട്ടത് .ഇത് മെയ് മാസത്തിലും തുടരാൻ ഇടയുണ്ട് .

പയർ വർഗ്ഗങ്ങളുടെ വിലയിൽ തുടർച്ചയായ വർദ്ധനവിനുള്ള പ്രവണതയാണ് കണ്ടത് മെയ് മാസത്തിലും ഇത് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന

പഞ്ചസാരയുടെ വിലയിൽ നേർത്തൊരു വർദ്ധനവിനുള്ള പ്രവണതയാണ് കണ്ടത് .എന്നാൽ ഇത് മെയ് മാസത്തിൽ സ്ഥിരത നിലനിർത്താനാണ് സാധ്യത.

കോഴിമുട്ടയുടെ വിലയിൽ മാസം മധ്യത്തോടുകൂടി വർദ്ധനവ് രേഖപ്പെടുത്തി മെയ് മാസത്തിലും വർദ്ധനവ് തുടരാനാണ് സാധ്യത.

തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ അവലോകനമാസമായ ഏപ്രിലിൽ വിലയിൽ കുറവ് രേഖപ്പെടുത്തി മെയ് മാസത്തിലും ഈ കുറവ് തുടരാൻ ഇടയുണ്ട് എന്നാൽ ഏതാനും മാസങ്ങൾക്കുള്ളിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ വീണ്ടും വർദ്ധനവിനുള്ള സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

ഇറച്ചിക്കോഴിയുടെ വിലയിൽ രൂക്ഷമായ ഒരു വിലക്കയറ്റമാണ് വിപണിയിൽ ദൃശ്യമാവുന്നത്. കോഴിത്തീറ്റയുടെ വിലയും മറ്റ് ചെലവുകളും വർദ്ധിച്ചതിനെ തുടർന്ന് ചെറുകിട കോഴി കർഷകർ ഈ മേഖലയിൽ നിന്നും പിൻവാങ്ങുകയും, വിപണിയിൽ ഇറച്ചിക്കോഴി ക്ഷാമം അനുഭവപ്പെടുകയും തൽഫലമായി വിപണിയിൽ വിലവർദ്ധനവ് ഉണ്ടായതെന്നുമാണ് വിപണിയിൽ നിന്നുള്ള റിപ്പോർട്ട് റംസാൻ മാസമായതിനാൽ ഇനിയും വില വർദ്ധനവിന് സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

## I. ധാന്യങ്ങൾ

അവലോകനമാസമായ ഏപ്രിലിൽ അരിയുടെ വിലയിൽ നേരിയൊരു വർദ്ധനവിനുള്ള പ്രവണത ദൃശ്യമായി. എന്നാൽ ഈ വർദ്ധനവ് തുടരാനുള്ള യാതൊരു സാധ്യതയും നിലവിൽ കാണുന്നില്ല.കേരളത്തിൽ എല്ലാ ഇടത്തും ഏറ്റവും നല്ല തോതിലുള്ള വിളവെടുപ്പാണ് ഈ സീസണിൽ ലഭിച്ചിരിക്കുന്നത് മാത്രമല്ല സപ്ലൈകോയുടെ നെല്ല് സംഭരണം റെക്കോർഡ് തലത്തിൽ എത്തിയിട്ടുണ്ട്. ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് പ്രകാരം ഏതാണ്ട് ആറു ലക്ഷം ടൺ നെല്ല് ഇതുവരെയായി സംഭരിച്ചിട്ടുണ്ട്. ഒരു ലക്ഷം ടൺ നെല്ല് കൂടി ഈ സീസണിൽ സംഭരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. എഫ് സി ഐ യുടെ കണക്ക് പ്രകാരം ഇന്ത്യയിൽ മൊത്തം 392.78 ലക്ഷം മെട്രിക് ടൺ അരി സംഭരിച്ചിട്ടുണ്ട്.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2018 | മാർച്ച് 2019 | ഏപ്രിൽ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 41.40 | 37.29 | 37.20 | -0.24 | -10.14 |
| 2 | ചമ്പ | കിലോഗ്രാം | 44.00 | 41.00 | 41.00 | 0.00 | -6.82 |
| 3 | റോസ് | കിലോഗ്രാം | 41.36 | 37.90 | 38.05 | 0.40 | -8.00 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 37.16 | 36.12 | 36.17 | 0.14 | -2.66 |
| 5 | ജയ | കിലോഗ്രാം | 39.25 | 35.52 | 35.63 | 0.31 | -9.24 |
| 6 | ഗോതമ്പ് | കിലോഗ്രാം | 31.94 | 35.14 | 34.98 | -0.45 | 9.51 |



## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളുടെ വിലയിൽ പൊതുവെ ശുഭകരമായ വർത്തകളല്ല കഴിഞ്ഞ ഏതാനും മാസങ്ങളായി വിപണിയിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത് റാബി സീസണിന്റെ അവസാന ഘട്ടത്തിൽ നിൽക്കുമ്പോഴും പയർ വർഗ്ഗങ്ങളുടെ കാർഷിക വിസ്തൃതിയിൽ കാര്യമായ കുറവ് റിപ്പോർട്ട് ചെയ്യുന്നു. റാബി സീസണിലെ പയർ വർഗ്ഗങ്ങളുടെ സംഭരണം പ്രതീക്ഷിച്ചതിലും പതുക്കെയാണ് നടക്കുന്നതെന്നാണ് റിപ്പോർട്ട്. നാഫെഡിന്റെ 30/04/2019 ലെ റിപ്പോർട്ട് പ്രകാരം വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 1.23 ലക്ഷം മെട്രിക് ടൺ കടല, 4674 മെട്രിക് ടൺ ചെറുപയർ 6271 മെട്രിക് ടൺ ഉഴുന്ന് ,എന്നിങ്ങനെയാണ് നിലവിലുള്ള സംഭരണ സ്ഥിതി

അവലോകനമാസമായ ഏപ്രിലിൽ പയർ വർഗ്ഗങ്ങളുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത തുടരുന്നതാണ് വിപണിയിൽ ദൃശ്യമായത് മെയ് മാസത്തിലും ഇത് തുടരാൻ സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2018 | മാർച്ച് 2019 | ഏപ്രിൽ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 87.09 | 89.01 | 89.13 | 0.13 | 2.34 |
| 2 | ചെറുപയർ പരിഷ് | കിലോഗ്രാം | 89.73 | 91.51 | 91.70 | 0.21 | 2.20 |
| 3 | ഉഴുന്നു പരിഷ് | കിലോഗ്രാം | 86.15 | 88.88 | 90.55 | 1.88 | 5.11 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 80.57 | 86.93 | 86.93 | 0.00 | 7.89 |
| 5 | വൻപയർ | കിലോഗ്രാം | 70.11 | 69.23 | 70.25 | 1.47 | 0.20 |
| 6 | തുവരപരിഷ് | കിലോഗ്രാം | 83.52 | 90.79 | 91.59 | 0.88 | 9.66 |
| 7 | കടല(വലുത്) | കിലോഗ്രാം | 75.04 | 76.61 | 76.00 | -0.80 | 1.28 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 62.72 | 71.48 | 71.81 | 0.46 | 14.49 |
| 9 | പീസ് പരിഷ് | കിലോഗ്രാം | 43.10 | 66.88 | 66.63 | -0.37 | 54.59 |
| 10 | മസൂർ പരിഷ് | കിലോഗ്രാം | 69.94 | 72.05 | 72.23 | 0.26 | 3.27 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

ഇറച്ചിക്കോഴിയുടെ വിലയിൽ രൂക്ഷമായ ഒരു വിലക്കയറ്റം തുടർന്ന് കൊണ്ടിരിക്കുകയാണ്. അവലോകനമാസത്തിന്റെ ആദ്യപാദത്തിൽ തുടങ്ങിയ വർദ്ധനവ് മെയ് മാസത്തിലും തുടരുവാനുള്ള ഒരു പ്രവണതയാണ് കാണുന്നത്. .ഉല്പാദന ചെലവ് ഗണ്യമായി വർദ്ധിച്ചതിനെ തുടർന്ന് ചെറുകിട കോഴി കർഷകർ ഈ രംഗം വിട്ടൊഴിയുകയും തുടർന്ന് ഉല്പാദനത്തിൽ കാര്യമായ കുറവ് ഉണ്ടായതിനെ തുടർന്നാണ് വിലക്കയറ്റം ഉണ്ടായതെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം കോഴിത്തീറ്റയുടെ വിലയിലും മറ്റ് ചെലവുകളും ഗണ്യമായി വർദ്ധിച്ചതിനാൽ വില വർദ്ധിക്കാതെ ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ സാധിക്കുകയില്ലെന്നാണ് കർഷകർ നൽകുന്ന വിശദീകരണം.

പഞ്ചസാരയുടെ വിലയിൽ ചെറിയൊരു വിലക്കയറ്റം ദൃശ്യമാണെങ്കിലും അത് തുടർന്ന് പോവാൻ സാധ്യതയില്ല. മെയ് അവസാനത്തോടെ വിലക്കുറവുണ്ടാവാൻ ഇടയുണ്ട്.

കോഴിമുട്ടയുടെ വിലയിൽ അവലോകന മാസം മധ്യത്തോടെ വില വർദ്ധനവ് ദൃശ്യമായി മെയ് മാസത്തിലും ഈ വർദ്ധനവ് തുടരാനാണ് സാധ്യത

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2018 | മാർച്ച് 2019 | ഏപ്രിൽ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 36.35 | 37.39 | 37.79 | 1.07 | 3.96 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 145.58 | 155.38 | 154.71 | -0.43 | 6.27 |
| 3 | ശർക്കര | കിലോഗ്രാം | 54.04 | 52.27 | 53.20 | 1.78 | -1.55 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 48.22 | 55.28 | 49.67 | -10.15 | 3.01 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 527.50 | 558.29 | 562.14 | 0.69 | 6.57 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 103.48 | 96.12 | 116.36 | 21.06 | 12.45 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 148.18 | 147.64 | 147.50 | -0.09 | -0.46 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.62 | 161.62 | 161.62 | 0.00 | 0.00 |



## IV. എണ്ണയും എണ്ണക്കുരുക്കളും

അവലോകന മാസമായ ഏപ്രിലിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കുറവ് ദൃശ്യമായിരുന്നു.കഴിഞ്ഞ ഏതാനും മാസങ്ങളായി തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കാര്യമായ കുറവ് ദൃശ്യമാണ്. എന്നാൽ അവലോകന മാസത്തെ വിലവിവരം പരിശോധിക്കുമ്പോൾ ശ്രദ്ധേയമായ ഒരു പ്രവണത തേങ്ങയുടെ വിലക്കുറവിന്റെ തോത് കുറഞ്ഞു വരുന്നു എന്നുള്ളതാണ് ഇത് താമസിയാതെ ഒരു വിലക്കയറ്റത്തിലേക്ക് എത്തുന്നതിനുള്ള സൂചനയായി കണക്കാക്കാവുന്നതാണ്, കടുത്ത വരൾച്ചയിൽ തേങ്ങയുടെ ഉത്പാദനം സമീപ ഭാവിയിൽ തന്നെ കുറയുവാനുള്ള ഒരു സാധ്യതയും നില നിൽക്കുന്നു.

മറ്റ് എണ്ണ ഇനങ്ങളുടെ വില ഏതാണ്ട് സ്ഥിരമായി നിലകൊള്ളുന്നു

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2018 | മാർച്ച് 2019 | ഏപ്രിൽ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 212.93 | 191.00 | 185.16 | -3.06 | -13.04 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 144.00 | 157.00 | 157.00 | 0.00 | 9.03 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 92.90 | 96.60 | 97.75 | 1.19 | 5.22 |
| 4 | നല്ലെണ്ണ | ലിററർ | 158.50 | 223.14 | 222.86 | -0.13 | 40.61 |
| 5 | കടുക് എണ്ണ | ലിററർ | 138.15 | 140.50 | 140.50 | 0.00 | 1.70 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 93.98 | 99.64 | 100.57 | 0.93 | 7.01 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 92.59 | 97.54 | 97.15 | -0.39 | 4.93 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 223.52 | 187.89 | 177.80 | -5.37 | -20.45 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

കുരുമുളകിന്റെ വിലയിൽ കാര്യമായ ഒരു പുരോഗതിയും വിപണിയിൽ ദൃശ്യമായില്ല മാസാവസാനം നേരിയൊരു വർദ്ധനവ് കണ്ടെങ്കിലും ഇത് തുടരാനുള്ള സാഹചര്യങ്ങൾ വിപണിയിൽ ദൃശ്യമല്ല. വിളനാശം കാരണം ഈ വർഷം കേരളത്തിലെ കുരുമുളക് ഉല്പാദനത്തിൽ കാര്യമായ കുറവുണ്ടാവുമെന്നാണ് കരുതുന്നത്. മാസത്തിന്റെ അവസാന ആഴചയിൽ വളരെ നാമമാത്രമായ കുരുമുളക് മാത്രമാണ് കൊച്ചിയിൽ വിപണനത്തിന് എത്തിയത്..ഇന്റർനാഷണൽ പെപ്പർ അസോസിയേഷന്റെ കണക്ക് പ്രകാരം ശ്രീലങ്കയുടെ 2019 ലെ കുരുമുളക് ഉല്പാദനത്തിൽ 44 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടാവുമെന്ന് കണക്കാക്കുന്നു. ശ്രീലങ്കയുമായി സ്വതന്ത്ര വ്യാപാര കരാർ നിലനിൽക്കെ ഇതും ആഭ്യന്തര കുരുമുളകിന്റെ വിലയെ സ്വാധീനിക്കാവുന്ന ഒരു ഘടകമാണ്.

ആന്ധ്രായിലും തെലുങ്കാനയിലും മുളകിന്റെ ഉല്പാദനത്തിൽ ഈ വർഷം വർദ്ധനവ് ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത് അതുകൊണ്ടുതന്നെ മുളകിന്റെ വിലയിൽ കാര്യമായ വർദ്ധനവ് വരും മാസങ്ങളിൽ പ്രതീക്ഷിക്കുന്നില്ല

ഉള്ളി ഇനങ്ങളിൽ എല്ലാം ഒരു വർധനവിന്റെ പ്രവണതയാണ് അവലോകന മാസത്തിന്റെ അവസാനം ദൃശ്യമായത് മെയ് മാസത്തിലും ഈ വർദ്ധനവ് തുടരുകയും മാസാവസാനത്തോടെ സ്ഥിരത നിലനിർത്താൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2018 | മാർച്ച് 2019 | ഏപ്രിൽ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | **86.52** | **91.57** | **95.25** | **4.02** | **10.09** |
| 2 | മുളക് | കിലോഗ്രാം | **120.52** | **126.74** | **124.86** | **-1.48** | **3.60** |
| 3 | ഉള്ളി | കിലോഗ്രാം | **34.64** | **35.21** | **38.29** | **8.75** | **10.54** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **162.46** | **153.14** | **146.07** | **-4.62** | **-10.09** |
| 5 | ജീരകം | 100 ഗ്രാം | **29.71** | **29.87** | **30.07** | **0.67** | **1.21** |
| 6 | കടുക് | 100 ഗ്രാം | **8.98** | **9.16** | **9.18** | **0.22** | **2.23** |
| 7 | ഉലുവ | 100 ഗ്രാം | **9.27** | **9.44** | **9.55** | **1.17** | **3.02** |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | **18.21** | **18.81** | **18.89** | **0.43** | **3.73** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **7.55** | **8.33** | **9.02** | **8.28** | **19.47** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **470.87** | **422.34** | **411.92** | **-2.47** | **-12.52** |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

കിഴങ്ങു വർഗ്ഗങ്ങളിൽ ഏപ്രിൽ മാസത്തിൽ അനുഭവപ്പെട്ട വിലക്കയറ്റം അവലോകനമാസമായ മെയിലും തുടർന്നു. ചേന ഒഴികെയുള്ള എല്ലാ ഇനങ്ങളുടെയും വിലയിൽ ഈ വിലക്കയറ്റം ദൃശ്യമായിരുന്നു.ബീറ്റ്റൂട്ട്,കാരറ്റ് എന്നിവയുടെ വിലയിലാണ് ഏറ്റവും കൂടുതൽ വിലക്കയറ്റം ദൃശ്യമായത് കടുത്ത വരൾച്ചയിൽ പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾക്ക് വ്യാപകമായ കൃഷിനാശം സംഭവിച്ചതായാണ് റിപ്പോർട്ട് ഇത് കാരണം മെയ് മാസത്തിലും ഈ വിലക്കയറ്റം തുടരാനാണ് സാധ്യത എന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2018 | മാർച്ച് 2019 | ഏപ്രിൽ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 39.66 | 32.13 | 30.68 | -4.51 | -22.64 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 21.02 | 26.08 | 26.87 | 3.03 | 27.83 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 29.11 | 26.43 | 28.38 | 7.38 | -2.51 |
| 4 | ചേമ്പ് | കിലോഗ്രാം | 54.55 | 61.34 | 64.29 | 4.81 | 17.86 |
| 5 | ബീററൂട്ട് | കിലോഗ്രാം | 27.30 | 34.57 | 39.89 | 15.39 | 46.12 |
| 6 | കാരററ് | കിലോഗ്രാം | 35.86 | 40.70 | 53.71 | 31.97 | 49.78 |



## VII. പച്ചക്കറി ഇനങ്ങൾ

രൂക്ഷമായ വരൾച്ചയിൽ പച്ചക്കറി കൃഷിയിൽ വ്യാപകമായ നാശം സംഭവിച്ചതിനെ തുടർന്ന് ഉയർന്ന പച്ചക്കറി വിലയിൽ അവലോകന മാസമായ ഏപ്രിലിലും കാര്യമായ മാറ്റം ദൃശ്യമായില്ല മിക്ക ഇനങ്ങൾക്കും വിലക്കയറ്റം തുടർന്നു. സവാള ,തക്കാളി ,ബീൻസ് ഇനങ്ങൾ ,മത്തങ്ങ എന്നിവയുടെ വിലയിലാണ് കാര്യമായ വിലക്കയറ്റം ദൃശ്യമായത് പച്ചക്കറികളുടെ വിലക്കയറ്റം മെയ് മാസത്തിലും തുടരാനാണ് സാധ്യത എന്നാണ് വിപണിയിൽ നിന്നുള്ള സൂചന. നിലവിലുള്ള പ്രവണത തക്കാളിയുടെ വിലയിൽ കാര്യമായ ഒരു വർദ്ധനവിനുള്ള സൂചന നൽകുന്നു.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2018 | മാർച്ച് 2019 | ഏപ്രിൽ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **18.39** | **15.69** | **17.64** | **12.43** | **-4.08** |
| 2 | വഴുതന | കിലോഗ്രാം | **28.80** | **33.06** | **33.75** | **2.09** | **17.19** |
| 3 | മത്തങ്ങ | കിലോഗ്രാം | **18.04** | **21.40** | **28.46** | **32.99** | **57.76** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **23.88** | **24.67** | **23.16** | **-6.12** | **-3.02** |
| 5 | വെണ്ടക്ക | കിലോഗ്രാം | **37.80** | **44.30** | **39.50** | **-10.84** | **4.50** |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | **52.84** | **68.27** | **92.48** | **35.46** | **75.02** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **60.80** | **55.86** | **62.20** | **11.35** | **2.30** |
| 8 | കാബേജ് | കിലോഗ്രാം | **23.79** | **32.39** | **35.16** | **8.55** | **47.79** |
| 9 | പാവയ്ക്ക | കിലോഗ്രാം | **45.20** | **52.07** | **55.96** | **7.47** | **23.81** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **21.43** | **23.86** | **24.96** | **4.61** | **16.47** |
| 11 | പടവലങ്ങ | കിലോഗ്രാം | **32.66** | **34.29** | **41.07** | **19.77** | **25.75** |
| 12 | തക്കാളി | കിലോഗ്രാം | **21.71** | **24.60** | **34.16** | **38.86** | **57.35** |
| 13 | പച്ചമുളക് | 100 ഗ്രാം | **4.01** | **5.98** | **6.33** | **5.85** | **57.86** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **43.66** | **41.66** | **35.61** | **-14.52** | **-18.44** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **37.21** | **32.34** | **31.18** | **-3.59** | **-16.21** |



## VIII.പഴവർഗ്ഗങ്ങൾ

അവലോകനമാസമായ ഏപ്രിലിൽ പഴവർഗ്ഗങ്ങളിൽ സീസണലായ ഇനങ്ങൾക്ക് സീസണോട് ബന്ധപ്പെട്ടുള്ള വില വ്യതിയാനം വിപണിയിൽ ദൃശ്യമായിരുന്നു മാങ്ങയുടെ വിലയിൽ കാര്യമായ കുറവ് ദൃശ്യമായി മെയ് മാസത്തിലും ഇ കുറവ് തുടരുന്നതോടൊപ്പം കൂടുതൽ മാങ്ങ ഇനങ്ങൾ വിപണിയിൽ സജീവമാണ്. വിപണിയിൽ ഓറഞ്ചിന്റെ വരവ് കുറഞ്ഞതോടെ വിലയിൽ കാര്യമായ വർദ്ധനവ് ദൃശ്യമായി മെയ് മാസത്തിലും ഓറഞ്ചിന്റെ വിലയിൽ കുറവ് പ്രതീക്ഷിക്കുന്നില്ല. ഏത്തപ്പഴത്തിന്റെയും വാഴപ്പഴങ്ങളുടെയും വിലയിൽ നേരിയൊരു ചാഞ്ചാട്ടത്തോടെ സ്ഥിരത നിലനിർത്തി.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2018 | മാർച്ച് 2019 | ഏപ്രിൽ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **89.92** | **61.64** | **78.07** | **26.66** | **-13.18** |
| 2 | മുസമ്പി | കിലോഗ്രാം | **64.90** | **61.77** | **66.92** | **8.34** | **3.11** |
| 3 | മാതളം | കിലോഗ്രാം | **137.08** | **93.50** | **96.35** | **3.05** | **-29.71** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **149.17** | **153.60** | **160.00** | **4.17** | **7.26** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **49.57** | **48.15** | **41.95** | **-12.88** | **-15.37** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **37.23** | **30.64** | **31.32** | **2.21** | **-15.86** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **42.59** | **44.70** | **46.61** | **4.27** | **9.43** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **47.04** | **46.55** | **46.41** | **-0.30** | **-1.34** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **29.93** | **28.16** | **27.17** | **-3.49** | **-9.21** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **101.61** | **87.50** | **74.58** | **-14.76** | **-26.60** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **19.05** | **21.40** | **23.02** | **7.56** | **20.81** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **75.98** | **69.14** | **67.21** | **-2.80** | **-11.55** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **61.25** | **60.27** | **67.95** | **12.75** | **10.95** |



## IX. ഭക്ഷ്യേതര വസ്തുക്കൾ

പൊതുവെ മാന്ദ്യത്തിലായ നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കുന്ന നടപടിയായിരുന്നു സിമന്റിന്റെ വിലക്കയറ്റം.ഫെബ്രുവരിയിൽ സിമന്റ് കമ്പനികൾ വില വർധിപ്പിച്ചതിനു ശേഷം സർക്കാരിന്റെ ഇടപെടൽ കാരണം അല്പം കുറഞ്ഞു തുടങ്ങിയ വില ഇപ്പോഴും 400 -410 റേഞ്ചിൽ തന്നെയാണ് വിവിധ ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നത്.

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2018 | മാർച്ച് 2019 | ഏപ്രിൽ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 19.93 | 20.00 | 20.00 | 0.00 | 0.35 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.86 | 29.44 | 29.50 | 0.20 | 5.89 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 514.29 | 495.00 | 495.00 | 0.00 | -3.75 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 383.75 | 412.71 | 403.81 | -2.16 | 5.23 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 378.75 | 407.71 | 398.57 | -2.24 | 5.23 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 55.22 | 54.56 | 54.28 | -0.51 | -1.70 |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2018 | മാർച്ച് 2019 | ഏപ്രിൽ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **41.40** | **37.29** | **37.20** | **-0.24** | **-10.14** |
| 2 | ചമ്പ | കിലോഗ്രാം | **44.00** | **41.00** | **41.00** | **0.00** | **-6.82** |
| 3 | റോസ് | കിലോഗ്രാം | **41.36** | **37.90** | **38.05** | **0.40** | **-8.00** |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | **37.16** | **36.12** | **36.17** | **0.14** | **-2.66** |
| 5 | ജയ | കിലോഗ്രാം | **39.25** | **35.52** | **35.63** | **0.31** | **-9.24** |
| 6 | ഗോതമ്പ് | കിലോഗ്രാം | **31.94** | **35.14** | **34.98** | **-0.45** | **9.51** |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | **87.09** | **89.01** | **89.13** | **0.13** | **2.34** |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | **89.73** | **91.51** | **91.70** | **0.21** | **2.20** |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | **86.15** | **88.88** | **90.55** | **1.88** | **5.11** |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | **80.57** | **86.93** | **86.93** | **0.00** | **7.89** |
| 5 | വൻപയർ | കിലോഗ്രാം | **70.11** | **69.23** | **70.25** | **1.47** | **0.20** |
| 6 | തുവരപരിപ്പ് | കിലോഗ്രാം | **83.52** | **90.79** | **91.59** | **0.88** | **9.66** |
| 7 | കടല(വലുത്) | കിലോഗ്രാം | **75.04** | **76.61** | **76.00** | **-0.80** | **1.28** |
| 8 | കടല(ചെറുത്) | കിലോഗ്രാം | **62.72** | **71.48** | **71.81** | **0.46** | **14.49** |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | **43.10** | **66.88** | **66.63** | **-0.37** | **54.59** |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | **69.94** | **72.05** | **72.23** | **0.26** | **3.27** |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | **36.35** | **37.39** | **37.79** | **1.07** | **3.96** |
| 2 | കരുപ്പെട്ടി | കിലോഗ്രാം | **145.58** | **155.38** | **154.71** | **-0.43** | **6.27** |
| 3 | ശർക്കര | കിലോഗ്രാം | **54.04** | **52.27** | **53.20** | **1.78** | **-1.55** |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | **48.22** | **55.28** | **49.67** | **-10.15** | **3.01** |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | **527.50** | **558.29** | **562.14** | **0.69** | **6.57** |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | **103.48** | **96.12** | **116.36** | **21.06** | **12.45** |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | **148.18** | **147.64** | **147.50** | **-0.09** | **-0.46** |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | **161.62** | **161.62** | **161.62** | **0.00** | **0.00** |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **212.93** | **191.00** | **185.16** | **-3.06** | **-13.04** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **144.00** | **157.00** | **157.00** | **0.00** | **9.03** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **92.90** | **96.60** | **97.75** | **1.19** | **5.22** |
| 4 | നല്ലെണ്ണ | ലിററർ | **158.50** | **223.14** | **222.86** | **-0.13** | **40.61** |
| 5 | കടുക് എണ്ണ | ലിററർ | **138.15** | **140.50** | **140.50** | **0.00** | **1.70** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **93.98** | **99.64** | **100.57** | **0.93** | **7.01** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **92.59** | **97.54** | **97.15** | **-0.39** | **4.93** |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **223.52** | **187.89** | **177.80** | **-5.37** | **-20.45** |

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2018 | മാർച്ച് 2019 | ഏപ്രിൽ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 86.52 | 91.57 | 95.25 | 4.02 | 10.09 |
| 2 | മുളക് | കിലോഗ്രാം | 120.52 | 126.74 | 124.86 | -1.48 | 3.60 |
| 3 | ഉള്ളി | കിലോഗ്രാം | 34.64 | 35.21 | 38.29 | 8.75 | 10.54 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 162.46 | 153.14 | 146.07 | -4.62 | -10.09 |
| 5 | ജീരകം | 100 ഗ്രാം | 29.71 | 29.87 | 30.07 | 0.67 | 1.21 |
| 6 | കടുക് | 100 ഗ്രാം | 8.98 | 9.16 | 9.18 | 0.22 | 2.23 |
| 7 | ഉലുവ | 100 ഗ്രാം | 9.27 | 9.44 | 9.55 | 1.17 | 3.02 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.21 | 18.81 | 18.89 | 0.43 | 3.73 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 7.55 | 8.33 | 9.02 | 8.28 | 19.47 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 470.87 | 422.34 | 411.92 | -2.47 | -12.52 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 39.66 | 32.13 | 30.68 | -4.51 | -22.64 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 21.02 | 26.08 | 26.87 | 3.03 | 27.83 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 29.11 | 26.43 | 28.38 | 7.38 | -2.51 |
| 4 | ചേമ്പ് | കിലോഗ്രാം | 54.55 | 61.34 | 64.29 | 4.81 | 17.86 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 27.30 | 34.57 | 39.89 | 15.39 | 46.12 |
| 6 | കാരററ് | കിലോഗ്രാം | 35.86 | 40.70 | 53.71 | 31.97 | 49.78 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 18.39 | 15.69 | 17.64 | 12.43 | -4.08 |
| 2 | വഴുതന | കിലോഗ്രാം | 28.80 | 33.06 | 33.75 | 2.09 | 17.19 |
| 3 | മത്തങ്ങ | കിലോഗ്രാം | 18.04 | 21.40 | 28.46 | 32.99 | 57.76 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 23.88 | 24.67 | 23.16 | -6.12 | -3.02 |
| 5 | വെണ്ടക്ക | കിലോഗ്രാം | 37.80 | 44.30 | 39.50 | -10.84 | 4.50 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 52.84 | 68.27 | 92.48 | 35.46 | 75.02 |
| 7 | വള്ളിപയർ | കിലോഗ്രാം | 60.80 | 55.86 | 62.20 | 11.35 | 2.30 |
| 8 | കാബേജ് | കിലോഗ്രാം | 23.79 | 32.39 | 35.16 | 8.55 | 47.79 |
| 9 | പാവയ്ക്ക | കിലോഗ്രാം | 45.20 | 52.07 | 55.96 | 7.47 | 23.81 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 21.43 | 23.86 | 24.96 | 4.61 | 16.47 |
| 11 | പടവലങ്ങ | കിലോഗ്രാം | 32.66 | 34.29 | 41.07 | 19.77 | 25.75 |
| 12 | തക്കാളി | കിലോഗ്രാം | 21.71 | 24.60 | 34.16 | 38.86 | 57.35 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.01 | 5.98 | 6.33 | 5.85 | 57.86 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 43.66 | 41.66 | 35.61 | -14.52 | -18.44 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 37.21 | 32.34 | 31.18 | -3.59 | -16.21 |

| നം | ഇനങ്ങൾ | അളവ് | ഏപ്രിൽ 2018 | മാർച്ച് 2019 | ഏപ്രിൽ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 89.92 | 61.64 | 78.07 | 26.66 | -13.18 |
| 2 | മുസമ്പി | കിലോഗ്രാം | 64.90 | 61.77 | 66.92 | 8.34 | 3.11 |
| 3 | മാതളം | കിലോഗ്രാം | 137.08 | 93.50 | 96.35 | 3.05 | -29.71 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 149.17 | 153.60 | 160.00 | 4.17 | 7.26 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 49.57 | 48.15 | 41.95 | -12.88 | -15.37 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 37.23 | 30.64 | 31.32 | 2.21 | -15.86 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 42.59 | 44.70 | 46.61 | 4.27 | 9.43 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 47.04 | 46.55 | 46.41 | -0.30 | -1.34 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 29.93 | 28.16 | 27.17 | -3.49 | -9.21 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 101.61 | 87.50 | 74.58 | -14.76 | -26.60 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 19.05 | 21.40 | 23.02 | 7.56 | 20.81 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 75.98 | 69.14 | 67.21 | -2.80 | -11.55 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 61.25 | 60.27 | 67.95 | 12.75 | 10.95 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 19.93 | 20.00 | 20.00 | 0.00 | 0.35 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 27.86 | 29.44 | 29.50 | 0.20 | 5.89 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 514.29 | 495.00 | 495.00 | 0.00 | -3.75 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 383.75 | 412.71 | 403.81 | -2.16 | 5.23 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 378.75 | 407.71 | 398.57 | -2.24 | 5.23 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 55.22 | 54.56 | 54.28 | -0.51 | -1.70 |